## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2766 | 12-03-2018 -ൽ മറുപടിക്ക്

### കാലാവസ്ഥാ വ്യതിയാനത്താലുള്ള കടുത്ത വരൾച്ച

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ. ശശി** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | നടപ്പുവർഷം മാർച്ച് ആദ്യം തന്നെ സംസ്ഥാനത്ത് 40 ഡിഗ്രി സെൽഷ്യസ് ചൂട് പാലക്കാട് ജില്ലയിലും മറ്റു ജില്ലകളിലും റിപ്പോർട്ട് ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ; | എ) | കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് $40^0$ ഡിഗ്രി ചൂട് രേഖപ്പെടുത്തിയിട്ടില്ല. |
| ബി) | നടപ്പ് വർഷത്തെ കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന കൃഷിനാശം, കുടിവെള്ള ക്ഷാമം, കടുത്ത വരൾച്ച എന്നിവ സംബന്ധിച്ച് കാലാവസ്ഥാ പഠന കേന്ദ്രവും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും റവന്യൂ വകുപ്പും നാളിതുവരെ നടത്തിയ നിരീക്ഷണങ്ങളുടെയും പഠനങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ? | ബി) | വരൾച്ചാ അവലോകനത്തിനായി സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ പ്രവർത്തിക്കുന്നുണ്ട്. വരൾച്ചാ മാനുവൽ 2016 പ്രകാരം എതെങ്കിലും താലൂക്കിൽ വരൾച്ച പ്രഖ്യാപിക്കുവാൻ സാധ്യതയുണ്ടോ എന്ന വിശകലനം നടന്നുവരുന്നു. പ്രസ്തുത മാനുവൽ പ്രകാരം മാർച്ച് 31 -നു മുൻപ് ഈ വിശകലനം പൂർത്തിയാക്കി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ തീരുമാനത്തിന് വിധേയമായി, ആവശ്യമെങ്കിൽ സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ വരൾച്ച പ്രഖ്യാപിക്കേണ്ടതുണ്ട്. മേൽ വിശകലനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ വരൾച്ച പ്രഖ്യാപിക്കുന്ന താലൂക്കുകളിൽ വരൾച്ചയുടെ തോത് അനുസരിച്ച് പ്രതികരണ മാർഗങ്ങൾ നിർണയിക്കുവാൻ സാധിക്കുകയുള്ളൂ. കേരളത്തിലെ കാലാവസ്ഥാ വ്യതിയാന പ്രവചനത്തിലുള്ള അപര്യാപ്തത കണ്ടുകൊണ്ട് കേരളത്തിലെ സ്ഥിതി മനസ്സിലാക്കുന്നതിനും, |

| | | | |
|---|---|---|---|
| | | | ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമായി ഒരു ഗവേഷണ പദ്ധതി 'Amrita Deemed University'യുമായി ചേർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തി വരുന്നു.<br>വിവിധ മേഖലകളിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം സംബന്ധിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും, കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രവും ചേർന്ന് 2016 നവംബർ 21-ന് 'Climate Variability in Kerala in Recent Years: Climate Change Perspectives' എന്ന വിഷയത്തിൽ വിശദമായ ഒരു വർക്ക്ഷോപ്പ് നടത്തിയിരുന്നു. കൂടാതെ ഇതേ പേരിൽ വിശദമായ ഒരു പുസ്തകവും തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ